## ശബരിമല : ഐ & പിആർഡി മീഡിയ സെൻറർ  സന്നിധാനം
## 19-11-2025

# ശബരിമലയിൽ ആദ്യ എൻഡിആർഎഫ് സംഘം ചുമതലയേറ്റു

**ശബരിമലയിൽ നാഷണൽ ഡിസാസ്റ്റർ റെസ്പോൺസ് ഫോഴ്സിന്റെ (എൻഡിആർഎഫ്) ആദ്യസംഘം ചുമതലയേറ്റു. തൃശ്ശൂർ റീജിയണൽ റെസ്പോൺസ് സെന്ററിൽ നിന്നുള്ള നാലാം ബറ്റാലിയനിലെ 30 അംഗസംഘമാണ് നവംബർ 19 ന് സന്നിധാനത്ത് എത്തിയത്. സോപാനത്തിന് അരികിലായും നടപ്പന്തലിലുമാണ് ഇവരെ നിലവിൽ വിന്യസിച്ചിരിക്കുന്നത്. ഓരോ സ്ഥലത്തും അഞ്ച് പേരാണ് ഒരേ സമയം ഡ്യൂട്ടി ചെയ്യുന്നത്. ചെന്നൈയിൽ നിന്നുള്ള 38 അംഗ സംഘം ഇന്ന് (19) രാത്രിയോടെ എത്തും. തീർഥാടകർക്ക് സിപിആർ ഉൾപ്പടെ അടിയന്തരഘട്ട വൈദ്യസഹായം നൽകുന്നതിന് പ്രത്യേകം പരിശീലനം നേടിയവരാണിവർ.**



**പ്രഥമശുശ്രൂഷ കിറ്റും സ്ട്രച്ചർ ഉൾപ്പടെയുള്ള സംവിധാനങ്ങളും എത്തിച്ചിട്ടുണ്ട്. അത്യാഹിതങ്ങളിൽ അതിവേഗം ഇടപെട്ട് രക്ഷാപ്രവർത്തനം ഏകോപിപ്പിക്കുന്നതിന് സജ്ജരാണിവർ. കോൺക്രീറ്റ് കട്ടിംഗ്, ട്രീ കട്ടിംഗ്, റോപ് റെസ്ക്യൂ ഉപകരണങ്ങളും**

സംഘത്തിന്റെ പക്കലുണ്ട്. ശബരിമല എഡിഎം, പോലിസ് സ്പെഷ്യൽ ഓഫീസർ എന്നിവരുടെ നിർദ്ദേശാനുസരണം സംഘം പ്രവർത്തിക്കുമെന്ന് ടീം കമാൻഡറായ ഇൻസ്പെക്ടർ ജി സി പ്രശാന്ത് പറഞ്ഞു.

## സന്നിധാനത്ത് എത്താതെ മടങ്ങിയ തീർഥാടകർക്ക് സുഗമ ദർശനമൊരുക്കി കേരള പൊലീസ്

**വിർച്വൽ ക്യൂവിലൂടെത്തുന്ന എല്ലാവർക്കും ദർശനം ഉറപ്പാക്കും : എ ഡി ജി പി എസ് ശ്രീജിത്ത്. വിർച്യുൽ ക്യൂ പാസുണ്ടായിട്ടും ഭക്തരുടെ അഭൂതമായ തിരക്ക് മൂലം ശബരിമലയിൽ ദർശനം നടത്താൻ കഴിയില്ലെന്ന് കരുതി**

മടങ്ങിയ മുതിർന്ന സ്ത്രീകളും കുട്ടികളും ഉൾപ്പടെയുള്ള സംഘത്തിന് സുഗമദർശനം ഒരുക്കി കേരള പൊലീസ്. കൊല്ലം കല്ലമ്പലം സ്വദേശി ഗിരിജ മുരളിയും രണ്ട് കുട്ടികളും

ഉൾപ്പെടെയുള്ള എട്ടംഗ സംഘത്തിനാണ് എ ഡി ജി പി എസ് ശ്രീജിത്തിന്റെ നേതൃത്വത്തിൽ ദർശന സൗകര്യമൊരുക്കിയത്. ഇവർ ഉൾപ്പെടെയുള്ള 17 പേരാണ് കൊല്ലത്ത് നിന്ന് ഇന്നലെ (നവം 18 ന്) പമ്പയിൽ എത്തിയത്. എന്നാൽ ഭക്തജനതിരക്കും ആരോഗ്യപരമായ കാരണങ്ങളാലും ഗിരിജ ഉൾപ്പെടെ ആറ് സ്ത്രീകളും രണ്ടു കുട്ടികളും നിലയ്ക്കലിലേക്ക് തിരിച്ചു പോയിരുന്നു.

### സന്നിധാനത്ത് എത്താതെ മടങ്ങിയ തീർഥാടകർക്ക് സുഗമ ദർശനമൊരുക്കി കേരള പൊലീസ്

വിർച്യുൽ ക്യൂ പാസുണ്ടായിട്ടും ഭക്തരുടെ അഭൂതമായ തിരക്ക് മൂലം ശബരിമലയിൽ ദർശനം നടത്താൻ കഴിയില്ലെന്ന് കരുതി മടങ്ങിയ മുതിർന്ന സ്ത്രീകളും കുട്ടികളും ഉൾപ്പടെയുള്ള സംഘത്തിന് സുഗമദർശനം ഒരുക്കി കേരള പൊലീസ്.

കൊല്ലം കല്ലമ്പലം സ്വദേശി ഗിരിജ മുരളിയും രണ്ട് കുട്ടികളും

ഉൾപ്പെടെയുള്ള എട്ടംഗ സംഘത്തിനാണ് എ ഡി ജി പി എസ് ശ്രീജിത്തിന്റെ നേതൃത്വത്തിൽ ദർശന സൗകര്യമൊരുക്കിയത്.

ഇവർ ഉൾപ്പെടെയുള്ള 17 പേരാണ് കൊല്ലത്ത് നിന്ന് ഇന്നലെ (നവം 18 ന്) പമ്പയിൽ  എത്തിയത്. എന്നാൽ ഭക്തജനതിരക്കും ആരോഗ്യപരമായ കാരണങ്ങളാലും ഗിരിജ ഉൾപ്പെടെ ആറ് സ്ത്രീകളും രണ്ടു കുട്ടികളും നിലയ്ക്കലിലേക്ക് തിരിച്ചു പോയിരുന്നു.

സംഭവം ശ്രദ്ധയിൽപെട്ടയുടനെ ശബരിമല പൊലീസ് ചീഫ് കോ-ഓർഡിനേറ്റർ കൂടിയായ എഡിജിപി പൊലീസ് ഉദ്യോഗസ്ഥരോട് ഇവർക്ക് ദർശനം ഉറപ്പാക്കാനുള്ള നടപടിക്ക് നിർദ്ദേശിച്ചു. തുടർന്ന് ഇവർ പൊലീസിന്റെ സഹായത്തോടെ സന്നിധാനത്ത് എത്തുകയും മനം നിറഞ്ഞ് മാമലവാസനെ തൊഴുകയും ചെയ്തു. ദർശനത്തിന് ശേഷം പൊലീസിന് നന്ദി പറഞ്ഞാണ് ഇവർ മലയിറങ്ങിയത്.

നവംബർ 18 ന് പാസ് എടുക്കാതെ ചിലർ എത്തിയതുമൂലം ചെറിയ ബുദ്ധിമുട്ടുണ്ടായി. ഇതുമൂലം ആരോഗ്യപ്രശ്നങ്ങളുള്ള ഏതാനും തീർഥാടകർ ദർശനം കിട്ടാതെ മടങ്ങിയത് ശ്രദ്ധയിൽപെട്ടു. തുടർന്നാണ് ഇവർക്ക് സൗകര്യം ഒരുക്കിയത്. വിർച്യൽ ക്യൂ പാസ് എടുത്ത് കൃതമായ ദിവസം എത്തുന്ന എല്ലാ ഭക്തർക്കും ദർശനം ഉറപ്പാക്കുമെന്നും എ ഡി ജി പി പറഞ്ഞു.

സംഭവം ശ്രദ്ധയിൽപെട്ടയുടനെ ശബരിമല പൊലീസ് ചീഫ് കോ-ഓർഡിനേറ്റർ കൂടിയായ എഡിജിപി പൊലീസ് ഉദ്യോഗസ്ഥരോട് ഇവർക്ക് ദർശനം ഉറപ്പാക്കാനുള്ള നടപടിക്ക് നിർദ്ദേശിച്ചു. തുടർന്ന് ഇവർ പൊലീസിന്റെ സഹായത്തോടെ സന്നിധാനത്ത് എത്തുകയും മനം നിറഞ്ഞ് മാമലവാസനെ തൊഴുകയും ചെയ്തു. ദർശനത്തിന് ശേഷം പൊലീസിന് നന്ദി പറഞ്ഞാണ് ഇവർ മലയിറങ്ങിയത്.

നവംബർ 18 ന് പാസ് എടുക്കാതെ ചിലർ എത്തിയതുമൂലം ചെറിയ ബുദ്ധിമുട്ടുണ്ടായി. ഇതുമൂലം ആരോഗ്യപ്രശ്നങ്ങളുള്ള ഏതാനും തീർഥാടകർ ദർശനം കിട്ടാതെ മടങ്ങിയത് ശ്രദ്ധയിൽപെട്ടു. തുടർന്നാണ് ഇവർക്ക് സൗകര്യം ഒരുക്കിയത്.

വിർച്വൽ ക്യൂ പാസ് എടുത്ത് കൃതമായ ദിവസം എത്തുന്ന എല്ലാ ഭക്തർക്കും ദർശനം ഉറപ്പാക്കുമെന്നും എ ഡി ജി പി പറഞ്ഞു.



## ശബരിമലയിൽ ദർശനപുണ്യം നേടി മൂന്ന് ലക്ഷത്തോളം ഭക്തർ

മണ്ഡല – മകരവിളക്ക് തീർഥാടനത്തിനായി ശബരിമല നട തുറന്ന ശേഷം ഇതുവരെ ദർശനം നടത്തിയത് മൂന്ന് ലക്ഷത്തോളം ഭക്തർ. 2,98,310 പേരാണ് നവംബർ 19 ന് വൈകിട്ട് അഞ്ച് വരെ എത്തിയത്. നവംബർ 16 ന് 53,278, 17 ന് 98,915, 18 ന് 81,543, 19 ന് വൈകിട്ട് അഞ്ച് വരെ 64,574 എന്നിങ്ങനെയാണ് ഭക്തരുടെ എണ്ണം.

ശബരിമലയിൽ വിർച്വൽ ക്യൂവിലൂടെത്തുന്ന എല്ലാ ഭകതർക്കും സുഗമമായ ദർശനം ഉറപ്പാക്കുമെന്ന് എ.ഡി ജി.പി എസ് ശ്രീജിത്ത് പറഞ്ഞു. ബുക്ക് ചെയ്ത് എത്തുന്നവർക്ക് ദർശനം ലഭിച്ചില്ലങ്കിൽ അത് പൊലീസിനെ ബോധിപ്പിച്ചാൽ

പരിഹാരമുണ്ടാകും . നിലവിൽ 3500 പൊലീസുകാരെയാണ് തീർഥാടനവുമായി ബന്ധപ്പെട്ട് വിന്യസിച്ചിരിക്കുന്നത്. സന്നിധാനത്ത് മാത്രം 1700 ൽ അധികം പൊലീസ് ഉദ്യോഗസ്ഥരുണ്ട്. തീർഥാടനകാലം മുഴുവനായി 18000ൽ അധികം പൊലീസുകാരെയാണ് വിന്യസിക്കുകയെന്നും അദ്ദേഹം പറഞ്ഞു.

## അയ്യപ്പൻമാർക്ക് വിപുലമായ സേവനമൊരുക്കി ആരോഗ്യവകുപ്പ്

സന്നിധാനത്ത് ദർശനത്തിനായി എത്തുന്ന തീർഥാടകർക്ക് വിപുലമായ സേവനമൊരുക്കി ആരോഗ്യവകുപ്പ്. ശബരിമലയിൽ വലിയ നടപ്പന്തൽ ആരംഭിക്കുന്നതിന് വലതുവശത്തായി പ്രവർത്തിക്കുന്ന ആരോഗ്യവകുപ്പിന്റെ ആശുപത്രിയിൽ ഭക്തർക്ക് ആധുനിക നിലവാരത്തിലുള്ള ചികിത്സ സൗകര്യം ലഭ്യമാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന അത്യാഹിതവിഭാഗം, ഒപി സേവനം എന്നിവയോടൊപ്പം ലാബ്, എക്സ് റേ, ഇസിജി, ഓപ്പറേഷൻ തിയേറ്റർ, അഞ്ച് കിടക്കകളുള്ള ഐസിയു വാർഡ്, 18 കിടക്കകളുള്ള വാർഡ് എന്നിവയും സജ്ജമാണ്. സാധാരണ മരുന്നുകൾ കൂടാതെ ഹൃദയാഘാതത്തിനുള്ള മരുന്ന്, പേവിഷബാധയ്ക്കെതിരെയുള്ള വാക്സിൻ, ആന്റി സ്നേക്ക് വെനം എന്നിവയും കരുതിയിട്ടുണ്ട്. റെഫറൽ ആശുപത്രികളായി കോന്നി, കോട്ടയം മെഡിക്കൽ കോളജുകളും സജ്ജമാണ്.

കാർഡിയോളജിസ്റ്റ്, ഫിസിഷൻ, ഓർത്തോപീഡിഷൻ, ജനറൽ സർജൻ, അനസ്തേഷ്യോളജിസ്റ്റ്, അസി. സർജൻ എന്നീ  വിദഗ്ധ ഡോക്ടർമാരുടെയുൾപ്പടെ സേവനം ലഭ്യമാണ്. അടിയന്തരഘട്ട ഉപയോഗത്തിനായി ആംബുലൻസുമുണ്ട്.
സന്നിധാനത്തോടൊപ്പം പമ്പ, നിലയ്ക്കൽ എന്നിവടങ്ങളിൽ ആശുപത്രിയും നീലിമല, അപ്പാച്ചിമേട് എന്നിവടങ്ങളിൽ കാർഡിയോളജി സെന്ററുകളും ചരൽമേട്, കരിമല ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. പമ്പ മുതൽ സന്നിധാനം വരെ 17 ഉം എരുമേലി – കരിമല കാനന പാതയിൽ അഞ്ചും അടിയന്തരഘട്ട വൈദ്യസഹായ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്.

പമ്പ മുതൽ സന്നിധാനം വരെ എവിടെ അത്യാഹിതമുണ്ടായാലും 04735 203232 എന്ന ടോൾ ഫ്രീ എമർജൻസി കൺട്രോൾ റൂം നമ്പറിൽ ബന്ധപ്പെട്ടണം. പരിശീലനം ലഭിച്ച ആരോഗ്യപ്രവർത്തകർ ആവശ്യമായ അടിയന്തര വൈദ്യസഹായം നൽകുമ്പോഴേക്കും ആംബുലൻസ് ഉൾപ്പടെയുള്ള സേവനം ലഭ്യമാകും. കൺട്രോൾ റൂമിൽ നിന്ന് നേരിട്ടല്ലാതെ ആംബുലൻസ് വിളിക്കുന്നത് ആശയക്കുഴപ്പം സൃഷ്ടിക്കുമെന്നതിനാൽ ഒഴിവാക്കണം.

## ശബരിമല ദർശനം ; സ്ലോട്ട് ബുക്കിംഗ് 5000 ആയി നിജപ്പെടുത്തി

ശബരിമല ദർശനത്തിന് അനുവദിക്കുന്ന സ്പോട് ബുക്കിംഗ് 5000 ആയി നിജപ്പെടുത്തി. ഹൈക്കോടതി നിർദ്ദേശത്തെ തുടർന്നാണ് തീരുമാനം. നിലയ്ക്കൽ, വണ്ടിപ്പെരിയാർ കേന്ദ്രങ്ങളിൽ മാത്രമാകും സ്പോട്ട് ബുക്കിംഗ് ലഭ്യമാകുക. പമ്പ, എരുമേലി, ചെങ്ങന്നൂർ എന്നിവിടങ്ങളിലെ സ്പോട്ട് ബുക്കിംഗ് താൽകാലികമായി നിർത്തിവെച്ചു. നവംബർ 24 വരെയാണ് നിലവിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിരിക്കുന്നത്. ശബരിമല ദർശനത്തിന് എത്തുന്ന ഭക്തർ പരമാവധി വെർച്വൽ ക്യൂ വഴി ദർശനത്തിനുള്ള സ്ലോട്ട് ഉറപ്പാക്കി ദർശനം നടത്തണമെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അഭ്യർത്ഥിച്ചു.

## ശബരിമലയിൽ തിരക്ക് പൂർണമായും നിയന്ത്രണ വിധേയം : ശബരിമല എ ഡി എം ഡോ. അരുൺ എസ് നായർ

ശബരിമലയിൽ തിരക്ക് പൂർണമായും നിയന്ത്രണ വിധേയമാക്കുവാൻ സാധിച്ചുവെന്ന് ശബരിമല എ ഡി എം ഡോ. അരുൺ എസ് നായർ. മണ്ഡല – മകരവിളക്ക് തീർഥാടനവുമായി ബന്ധപ്പെട്ടുള്ള ക്രമീകരണങ്ങൾ വിലയിരുത്തുന്നതിനായി സന്നിധാനത്തെ ദേവസ്വം കോൺഫറൻസ് ഹാളിൽ ചേർന്ന

വകുപ്പുകളുടെ അവലോകന യോഗത്തിന് ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

എല്ലാ ഭക്തർക്കും സുഗമവും സുരക്ഷിതവുമായ ദർശനം ഉറപ്പാക്കിയിട്ടുണ്ട്. തീർത്ഥാടനം നാലാം ദിവസത്തിലേക്ക് കടക്കുമ്പോൾ ആദ്യ ദിവസങ്ങളിൽ ഉണ്ടായിരുന്ന പോരായ്മകൾ പൂർണമായും പരിഹരിച്ചു. തീർഥാടനകാലം ഏറ്റവും മികവുറ്റതാക്കാൻ എല്ലാ വകുപ്പുകളും ദേവസ്വം ബോർഡും കൂട്ടായ പരിശ്രമം നടത്തുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു.

അടിയന്തര വൈദ്യസഹായം, തിരക്ക് നിയന്ത്രണം, ശുചീകരണം, കുടിവെള്ളം, ഭക്ഷണം തുടങ്ങിയ വിഷയങ്ങളാണ് യോഗം ചർച്ച ചെയ്തത്. ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ സ്പോട് ബുക്കിംഗ് എണ്ണം കുറച്ചിട്ടുണ്ട്. തീർഥാടകർ വിർച്വൽ ക്യൂവിലൂടെ തന്നെ എത്താൻ ശ്രമിക്കണം. തങ്ങൾക്ക് അനുവദിച്ച തീയതിയിലും സമയത്തും തന്നെ ദർശനം നടത്താൻ എത്തിച്ചേരണം . ദേവസ്വം ബോർഡിന്റെയും പൊലീസിന്റെയും മറ്റു വകുപ്പുകളുടെയും നിർദേശങ്ങൾ പാലിക്കണം. എല്ലാവരുടെയും സഹകരണത്തോടെയും പിന്തുണയോടെയും തീർഥാടനം സുഗമവും വിജയകരവുമാക്കാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. സന്നിധാനം പൊലിസ് സ്പെഷ്യൽ ഓഫീസർ എം എൽ സുനിൽ, ഡ്യൂട്ടി മജിസ്ട്രേറ്റ് എസ് സനിൽകുമാർ, ദേവസ്വം എക്സിക്യൂട്ടീവ് ഓഫീസർ ഒ ജി ബിജു, വകുപ്പ് ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുത്തു.

## ശബരിമല മേൽശാന്തിയ്ക്ക് ഛായാചിത്രം സമ്മാനിച്ച് ലിനിൻ

ശബരിമല മേൽശാന്തി ഇ ഡി പ്രസാദ് നമ്പൂതിരിക്ക് അദ്ദേഹത്തിന്റെ ഛായാചിത്രം സമ്മാനിച്ച് ഫയർഫോഴ്സ് ഉദ്യോഗസ്ഥനായ കെ. ലിനിൻ. ആദ്യമായാണ് ലിനിൻ ശബരിമലയിൽ ഡ്യൂട്ടിയ്ക്ക് എത്തുന്നത്. മേൽശാന്തിയെ ആദ്യം കണ്ട് സംസാരിച്ചപ്പോൾ മുതൽ അദ്ദേഹത്തിന്റെ ചിത്രം

വരയ്ക്കണമെന്ന ആഗ്രഹം മനസിലുണ്ടായിരുന്നു. ഡ്യൂട്ടിക്കിടെയുള്ള വിശ്രമവേളയിലാണ് രണ്ട് മണിക്കൂറോളമെടുത്ത് പേന കൊണ്ട് ചിത്രം വരച്ചത്. സോപാനത്തെത്തി മേൽശാന്തിയെ നേരിൽ കണ്ട് ചിത്രം സമ്മാനിച്ചപ്പോൾ കൂടുതൽ സന്തോഷം. അവിചാരിതമായി ലഭിച്ച ഉപഹാരത്തിൽ ഏറെ സന്തോഷമുണ്ടെന്ന് ലിനിനെ പൊന്നാടയണിച്ച് ആദരിച്ച് പ്രസാദ് നമ്പൂതിരി പറഞ്ഞു. ഡിസ്ട്രിക് ഫയർഫോഴ്സ് ഓഫീസർ എസ് സൂരജ്, സ്റ്റേഷൻ ഓഫീസർ അർജുൻ കൃഷ്ണൻ, വകുപ്പിലെ മറ്റു ഉദ്യോഗസ്ഥരും കൂടെയുണ്ടായിരുന്നു.

കാസർഗോഡ് പാലക്കുന്ന് സ്വദേശിയായ ലെനിൻ സ്കൂൾകാലഘട്ടം മുതലേ ചിത്രങ്ങൾ വരയ്ക്കുമായിരുന്നു. ഛായാചിത്രങ്ങളാണ് ഏറ്റവും ഇഷ്ടം. ചിത്രകല പഠിച്ചിട്ടില്ലെങ്കിലും രാഷ്ട്രീയ നേതാക്കാളും സിനിമാ താരങ്ങളും സഹപ്രവർത്തകരുമെല്ലാം ലിനിന്റെ കാൻവാസിൽ മനോഹരമായി തെളിഞ്ഞിട്ടുണ്ട്. മരത്തിൽ ശിൽപങ്ങൾ കൊത്തിയുണ്ടാക്കുന്നതും വശമുണ്ട്. രണ്ട് സിനിമകളിൽ അസിസ്റ്റന്റ് എഡിറ്ററായി ജോലി ചെയ്തിട്ടുള്ള ലിനിൻ ഗായകൻ കൂടിയാണ്. സന്നിധാനത്തെ ശ്രീശാസ്താ ഓഡിറ്റോറിയത്തിൽ ഫയർഫോഴ്സ് നടത്തുന്ന ഗാനാർച്ചനയിൽ പങ്കെടുക്കുന്നുണ്ട്. ലീല– നാരായണൻ ദമ്പതികളുടെ മകനായ ലിനിന് എല്ലാ പിന്തുണയുമായി രക്ഷിതാക്കളോടൊപ്പം ഭാര്യ അഞ്ജുവുമുണ്ട്.

## മാസ് ക്ലീനിംഗ് ഡ്രൈവും ക്യൂ കോംപ്ലക്സുകളിൽ ശുചിത്വ പരിശോധനയും നടത്തി

സന്നിധാനം മുതൽ മരക്കൂട്ടം വരെ മാസ് ക്ലീനിംഗ് ഡ്രൈവും ക്യൂ കോംപ്ലക്സുകളിൽ ശുചിത്വ പരിശോധനയും നടത്തി.ശബരിമല എ ഡി എം ഡോ. അരുൺ എസ് നായരുടെ മേൽനോട്ടത്തിലാണ് പരിശോധന നടന്നത്. സന്നിധാനം പരിസരത്തെയും മരക്കൂട്ടം വരെയുള്ള പ്രദേശങ്ങളിലെയും ജൈവ–അജൈവ മാലിന്യങ്ങൾ നീക്കം ചെയ്തു. മരക്കൂട്ടം– ശരംകുത്തി – സന്നിധാനം പാതയിലെ ക്യൂ കോംപ്ലക്സുകളിൽ

ഇരിപ്പടങ്ങളും ശൗചാലയങ്ങളും കൃത്യമായ ഇടവേളയിൽ വൃത്തിയാക്കണമെന്ന്

ശുചീകരണ തൊഴിലാളികൾക്കും സൂപ്പർവൈസർക്കും നിർദ്ദേശം നൽകി. തീർഥാടന പാതകളും ശൗചാലയങ്ങളും വൃത്തിയാക്കുന്നതിന് 400ൽ അധികം തൊഴിലാളികളെ വിന്യസിച്ചിട്ടുണ്ട്. ഓരോ മേഖലയിലും ശുചീകരണം ഉറപ്പാക്കുന്നതിന് സൂപ്പർവൈസർമാരെയും നിയോഗിച്ചു.

മരക്കൂട്ടത്ത് സ്ഥാപിച്ചിട്ടുള്ള എട്ട് ക്യൂ കോംപ്ലക്സുകളിലാണ് പരിശോധന നടത്തിയത്. ഇവിടെ നൂറിലധികം ശൗചാലയങ്ങളും തീർഥാടകർക്ക് ഇരിക്കുവാൻ ഇരിപ്പിടങ്ങളും ഉണ്ട്. ഭക്തർക്ക് കുടിവെള്ള വിതരണം കാര്യക്ഷമമായി നടക്കുന്നുണ്ടെന്ന് ഉറപ്പാക്കി.

വിശുദ്ധി സേനാംഗങ്ങളും ദേവസ്വം ബോർഡ് നിയമിച്ച ശുചീകരണ തൊഴിലാളികളുമാണ് നവംബർ 20ന് മാസ് ക്ലീനിംഗ് നടത്തിയത്. വരും ദിവസങ്ങളിലും തുടരും. ജൈവ– അജൈവ മാലിന്യങ്ങൾ വേർതിരിച്ച് ശേഖരിച്ചാണ് നീക്കം ചെയ്തത്. ദേവസ്വം ബോർഡിന്റെ കീഴിൽ ശുചീകരണ തൊഴിലാളികൾ ശുചിമുറികളും കൃത്യമായ ഇടവേളകളിൽ വൃത്തിയാക്കുന്നുണ്ട്. പരിശോധനയിൽ എക്സിക്യൂട്ടീവ് മജിസ്ട്രേറ്റ് ബി അഖിലേഷ് കുമാർ, ദേവസ്വം ബോർഡ് മരാമത്ത് വിഭാഗം അസി. എഞ്ചിനീയർ ജി മനോജ്കുമാർ,  മറ്റ് ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുത്തു.